(സി) കൈത്തറി വ്യവസായത്തിന്റെ തകർച്ചയുള്ള യഥാർത്ഥ കാരണം കണ്ടെത്തി പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിലുള്ള അലംഭാവമാണ് ഈ മേഖലയിൽ പ്രതിസന്ധി തുടരുന്നതിനിടയാക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആക്ഷേപം ശരിയല്ല. കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവും, ഇൻകം സപ്പോർട്ടും, നെയ്ത്ത് പരിശീലനവും, ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് പരിശീലനവും, മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനവും, സാമ്പത്തിക സഹായവുമടക്കം നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

കന്നത്തറ ടെക്സ്റ്റൈൽ ഏറ്റെടുക്കൽ

253 (620) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നത്തറ ടെക്സ്റ്റൈൽ കമ്പനി ലിക്വിഡേഷൻ നടപടികൾ സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ;

(ബി) കമ്പനി സ്വത്തുക്കൾ ലേലം വഴി അന്യാധീനപ്പെടുത്തുന്നത് ഒഴിവാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) ലിക്വിഡേഷനിലുള്ള കന്നത്തറ ടെക്സ്റ്റൈലിന്റെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെയുള്ള പുനരുദ്ധാരണ പദ്ധതികൾ സമർപ്പിക്കാൻ 28-10-2015 മുതൽ രണ്ട് മാസം സമയം ബഹു. കേരള ഹൈക്കോടതി അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) 17-11-2015-ന് ഈ വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ ചർച്ച നടത്തുകയും പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly